പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5968 — 28.10.2011 ൽ മറുപടിയ്ക്ക്

## 'പാരിസ്ഥിതിക അതോറിറ്റി'

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.മുരളീധരൻ<br>ശ്രീ.കെ.ശിവദാസൻ നായർ<br>ശ്രീ.വർക്കല കഹാർ<br>ശ്രീ.വി.ഡി.സതീശൻ | ശ്രീ.ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) വികസന പദ്ധതികൾക്കുള്ള പാരിസ്ഥിതിക അനുമതിക്കായി സംസ്ഥാനത്ത് പ്രത്യേക അതോറിറ്റി രൂപീകരിക്കാൻ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ ; | (എ) ഇല്ല. പരിസ്ഥിതി ആഘാത നിർണ്ണയ സമിതി രൂപീകരിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിനു സമർപ്പിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരാണ് വിജ്ഞാപനം പുറപ്പെടുവിക്കേണ്ടത്. |
| (ബി) ഇതു കൊണ്ട് സംസ്ഥാനത്തിന് എന്തെല്ലാം നേട്ടങ്ങളാണ് ഉണ്ടാകുന്നത് ; | (ബി) കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള പാരിസ്ഥിതിക ആഘാത നിർണ്ണയ വിജ്ഞാപനത്തി (14.09.2006-ലെ എസ്.ഒ.1533) ന്റെ ഷെഡ്യൂളിൽ 'ബി ' വിഭാഗത്തിൽപ്പെടുന്ന, മുൻകൂർ പാരിസ്ഥിതിക അനുമതി ആവശ്യമുള്ള വികസന പദ്ധതികൾക്ക് സംസ്ഥാനത്തുതന്നെ, അനുമതി നല്കാൻ ഇതു മൂലം സാധിക്കും എന്നതിനാൽ, ഇപ്പോൾ ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കാനാകും. |
| (സി) അതോറിറ്റിയുടെ ചുമതലകൾ എന്തെല്ലാം ; | (സി) മുൻപറഞ്ഞ വിജ്ഞാപനത്തിന്റെ ഷെഡ്യൂളിൽ ' ബി ' വിഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന വിവിധ പദ്ധതികൾക്കും, പ്രവർത്തനങ്ങൾക്കും, മുൻകൂർ പാരി |

സ്ഥിതിക അനുമതി നല്കുന്നതിനുള്ള നടപടിക്രമങ്ങൾ പാലിച്ച് സംസ്ഥാനതല വിദഗ്ദ്ധ അവലോകന സമിതി (State Level Expert Appraisal Committee) നല്കുന്ന റിപ്പോർട്ട് അടിസ്ഥാനപ്പെടുത്തി, പാരിസ്ഥിതിക അനുമതി നല്കുകയോ, അപേക്ഷ നിരസിക്കുകയോ ചെയ്യുക എന്നതാണ് സംസ്ഥാനതല പാരിസ്ഥിതിക ആഘാത നിർണ്ണയ അതോറിറ്റിയുടെ ചുമതല.

(ഡി) നിലവിലുള്ള ഏതെല്ലാം പദ്ധതികൾക്കാണ് പാരിസ്ഥിതികാഘാത പഠനം ആവശ്യമില്ലാത്തത് ;

(ഡി) നിലവിലുള്ള പദ്ധതികൾക്ക് ഈ വിജ്ഞാപനപ്രകാരമുള്ള പാരിസ്ഥിതിക ആഘാത പഠനം ആവശ്യമില്ല. പുതിയ പദ്ധതികൾ, നിലവിലുള്ള പദ്ധതികളുടെ ശേഷി വർദ്ധിപ്പിക്കൽ തുടങ്ങിയവയ്ക്കാണ് മുൻകൂർ അനുമതി ആവശ്യമുള്ളത്. വിജ്ഞാപനത്തിൽ പ്രത്യേകം നിഷ്ക്കർഷിച്ചിട്ടില്ലാത്ത പദ്ധതികൾക്കും, പ്രക്രിയകൾക്കും മുൻകൂർ അനുമതി തേടേണ്ടതില്ല.

(ഇ) കേന്ദ്ര സർക്കാരിന്റെ പങ്കാളിത്തത്തിൽ നടപ്പാക്കുന്ന പദ്ധതികൾക്ക് കേന്ദ്ര ഗവൺമെന്റിന്റെ പാരിസ്ഥിതികാനുമതി നേടിയിരിക്കണമെന്ന വ്യവസ്ഥകൾക്ക് മാറ്റം വരുമോ ?

(ഇ) കേന്ദ്ര സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമുള്ള ' എ ' വിഭാഗത്തിൽപ്പെടുന്ന പദ്ധതികൾക്കും, ' ബി ' വിഭാഗത്തിൽപ്പെടുന്നവയെങ്കിലും, വിജ്ഞാപനപ്രകാരമുള്ള പ്രത്യേക വ്യവസ്ഥകൾ ബാധകമാകുന്ന പദ്ധതികൾക്കും മാത്രം കേന്ദ്ര സർക്കാരിന്റെ പാരിസ്ഥിതിക അനുമതി നേടിയാൽ മതിയാകും.

സെക്ഷൻ ഓഫീസർ